"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - 2026 - 27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയുടെ ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.280/2026/CLAD   തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:- 1. സ.ഉ(പി)നം.103/2020/ധന തീയതി,04.08.2020

2. 04.01.2021- ലെ 1/2021/ധന നമ്പർ സർക്കുലർ

3. 26.07.2022 -ലെ 65/2022/ധന നമ്പർ സർക്കുലർ

4. മലയാളം മിഷൻ ഡയറക്ടറുടെ 06.04.2026 ലെ 796/24/മ.മി നമ്പർ കത്ത്

**ഉത്തരവ്**

മലയാളം മിഷന് 2026-27 സാമ്പത്തിക വർഷം "2202-05-102-86 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ 37.44 ലക്ഷം രൂപ പദ്ധതിയേതരവിഹിതമായി വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുകയിൽ നിന്നും 10,00,000/-രൂപ (പത്ത് ലക്ഷം രൂപ) ഒന്നാം ഗഡുവായി അനുവദിക്കണമെന്നും ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം മിഷന് 2026-27 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതമായി 2202-05-102-86 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും **7,48,000/- രൂപ (ഏഴ് ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ മാത്രം)** ആദ്യ ഗഡുവായി അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ നിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത തുക മലയാളം മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **701011400000175** എന്ന **STSB** അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ മലയാളം മിഷൻ ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം മലയാളം മിഷൻ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം

സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കണം. പരാമർശം (1) ലും (3) ലും നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനത്തിൽ ജി-സ്പാർക് നടപ്പിൽ വരുത്തിയ ശേഷം മാത്രം അടുത്ത ഗഡു ഫണ്ടിനായി ഇപ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം എന്നിവ സഹിതം പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, മലയാളം മിഷൻ മറ്റ് ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ, സ്ഥാപനത്തിൽ ബാക്കിയുള്ള തനത് ഫണ്ടിന്റെ വിവരങ്ങൾ, 2025-26 വർഷത്തെ ശീർഷകങ്ങളുടെ റീകൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിച്ച് അക്കൗണ്ടന്റ് ജനറലിന് അവസാനമായി സമർപ്പിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ കൂടി ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്)) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് (16.04.2026-ലെ 3478888 EDN-D2/66/2026-FIN പ്രകാരം )
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/46/2026-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 25-04-2026 11:37:47

പകർപ്പ്:- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി എസ് .ന്